**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 178** **20-01-2021 - ൽ മറുപടിയ്ക്ക്**

**വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ യു. ആർ. പ്രദീപ്** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | മഹാമാരിയും പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച ദുരിതകാലത്ത് ജനങ്ങളെ വറുതിയിലാക്കാതെ ക്ഷേമ പ്രവർത്തനങ്ങളിലൂടെ സംരക്ഷിച്ചതോടൊപ്പം സ്ഥായിയായ വികസനം ഉറപ്പാക്കുന്നതിനുള്ള ബൃഹദ് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ; | (എ) | ഉണ്ട്. സ്ഥായിയായ വികസനം ഉറപ്പാക്കുന്നതിനുള്ള ബൃഹദ് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഫലപ്രദമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ സ്ഥിതി എന്തായിരുന്നെന്നും അധികാരത്തിലെത്തിയ ശേഷം കൈവരിച്ച നേട്ടവും വിശദമാക്കാമോ; | (ബി) | കേരളത്തിൽ 513 കി.മീ. ദൈർഘ്യം വരുന്ന കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ (KKBMPL) പദ്ധതിയുടെ രണ്ടാംഘട്ടം 2012-ൽ ആരംഭിച്ചുവെങ്കിലും പല പ്രതികൂലകാരണങ്ങളാൽ പദ്ധതി മുന്നോട്ട് കൊണ്ട് പോകുവാനായില്ല. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2016-ൽ പദ്ധതി പുനരാരംഭിക്കുകയും, കൊച്ചിയിൽ നിന്നും കൂറ്റനാട് വഴി മംഗലാപുരത്തേക്കുള്ള 450 കി.മീ. പൈപ്പ് ലൈൻ 2020 അവസാനത്തോടുകൂടി പൂർത്തിയാവുകയും, ആയത് ബഹുമാനപ്പെട്ട പ്രധാനമന്ത്രി 05.01.2021ന് രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. KKBMPL PHASE – IIന്റെ ഭാഗമായിട്ടുള്ള കൂറ്റനാട് നിന്നും വാളയാർ വരെയുള്ള 94 കി.മീ. പൈപ്പ് ലൈൻ ലോവറിങ്ങ് പൂർത്തീകരിച്ചു. പൈപ്പ് ലൈനിന് അനുബന്ധമായ എസ്.വി./ഐ.പി. സ്റ്റേഷനുകളുടെ വാൽവ് ഇറക്ഷൻ, എർത്ത് ഫില്ലിംഗ് മുതലായ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പൈപ്പ് ലൈൻ 2021 മാർച്ച് 31നകം കമ്മീഷൻ ചെയ്യുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പദ്ധതിയുടെ മുഖ്യ നേട്ടങ്ങളിൽ ഒന്നാകേണ്ട സിറ്റി ഗ്യാസ് പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നുവെന്നുറപ്പാക്കാൻ സർക്കാർ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; | (സി) | ഉണ്ട്. ഗെയിലിന്റെ KKBMPL പ്രകൃതിവാതക പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്കുള്ള ഇന്ധനവും (CNG), ഗാർഹിക പാചക വാതകവും (PNG) പൈപ്പ് ലൈൻ വഴി വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി ടാപ്പ് ഓഫ് സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. വാഹനങ്ങൾക്കുള്ള ഇന്ധനം (CNG) ലഭ്യമാക്കുന്നതിനായി സ്റ്റേഷനുകളും ആരംഭിച്ചു കഴിഞ്ഞു. തെക്കൻ ജില്ലകളിലേയ്ക്ക് വാതക വിതരണ ഏജൻസിയായി AG&P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | ദേശീയപാത വികസനം സാധ്യമാക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുകയുടെ 25% സംസ്ഥാന സർക്കാർ നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര റോഡ്ഗതാഗത ഹൈവേ മന്ത്രാലയം, സംസ്ഥാന സർക്കാർ, കിഫ്ബി എന്നിവർ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന് സംസ്ഥാന സർക്കാർ വഹിക്കേണ്ട തുക കണക്കാക്കിയ ഏകദേശം 5500 കോടി രൂപയിൽ ഇതുവരെ 1130.60 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടി നല്ല രീതിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ